മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ, ബി, സി,) 1955-56-ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഒരാളുടെ വരുമാനം 217.9 രൂപയാണ്. ഇതിൽ കാർഷിക ഇനത്തിന്റെ പങ്ക് 113.97 രൂപയാണ്. ഏറ്റവും കുറഞ്ഞ വരുമാനം 'മൈനിംഗ്' എന്ന ഇനത്തിൽ നിന്നാണ്. അതു .1 ആണ്.

കളിമൺ വ്യവസായശാലകൾ.

*1761. [7] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ഗവണ്മെൻറ് കളിമൺ വ്യവസായ ശാലകൾ ഉണ്ട് ;

(ബി) അവയിൽ ഇന്നു നിലവിൽ എത്ര രൂപയ്ക്കുള്ള സാധനങ്ങൾ വിറ്റഴിക്കുവാനുണ്ട് ;

(സി) ഇവ വിറ്റഴിക്കുന്നതിനു് എത്ര ശതമാനം കമ്മീഷൻ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) രണ്ട് ഗവണ്മെൻറ് കളിമൺ വ്യവസായശാലകൾ ഉണ്ട്,

1. ഗവണ്മെൻറ് സിറാമിക് കൺസേൺസ്, കണ്ടറ.
2. കേരള ഗവണ്മെൻറ് സിറാമിക്സ്, കണ്ടറ.

(ബി, സി) ഗവണ്മെൻറ് സിറാമിക് കൺസേൺസിൽ ഏകദേശം ഒന്നര ലക്ഷം രൂപയുടെ പഴയ സ്റ്റാക്കുള്ളതും, കേരള ഗവണ്മെൻറ് സിറാമിക്സിലെ മൂന്നു മാസത്തെ ഉൽപ്പാദനത്തിൽ സ്റ്റാക്കുള്ളതു് വിറ്റഴിക്കാൻ വേണ്ടി വിലയുടെ കണക്ക് ശേഖരിച്ചു വരുന്നു. കേരള ഗവണ്മെൻറ് സിറാമിക്സിലുള്ള സാധനങ്ങൾ വിറ്റഴിക്കുന്നതിനു് എജൻസിയ്ക്കു് 20 ശതമാനം കമ്മിഷനും സിറാമിക് കൺസേൺസിലുള്ള പഴയ സ്റ്റാക്ക് വിറ്റഴിക്കുന്നതിനു് വ്യത്യസ്ത തോതിലുള്ള ഒരു കമ്മിഷനുമാണ് അനുവദിച്ചിട്ടുള്ളതു്.

ശ്രീ. തോമസ് ജോൺ : ഗവണ്മെൻറ് സിറാമിക് കൺസേൺസിലുള്ള സാധനത്തിനു് 70 മുതൽ 95 ശതമാനം വരെ കമ്മിഷൻ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

ശ്രീ. തോമസ് ജോൺ : തരം തിരിച്ചു് എടുക്കുന്നതിനു് അനുവദിച്ചിട്ടില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : സിറാമിക് കൺസേൺസിൽ വളരെക്കാലം മുമ്പുള്ള സ്റ്റാക്കുണ്ട്. അതു വിറ്റഴിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇപ്പോഴും വിറ്റുവരുന്നു.

ശ്രീ. തോമസ് ജോൺ : തരം തിരിച്ചു് എടുക്കുന്നതിനു് അനുവദിച്ചിട്ടുള്ളതിനു് പുറമേ 95 ശതമാനം വരെ കമ്മിഷനും പാക്കിംഗ് ചാർജ്ജും അനുവദിക്കുന്നതിനേക്കാൾ ഈ സാധനങ്ങൾ സാധുക്കൾക്കു് കൊടുക്കുന്നതോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ പ്രസ്താവന ശരിയല്ല. ഇപ്പോഴും 20 ശതമാനം കമ്മിഷനാണ് അനുവദിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ജാൺ : ബാബാ പോട്ടറീസല്ലെ ഏജൻറ്സ് ?

ശ്രീ. കെ. പി. ഗോപാലൻ : ലാലാ ഗോകുൽദാസ് എന്ന ഒരു മദ്രാസ് ഫേമാണ് ഏജൻറ്. പഴയ സ്റ്റാക്ക് വിറ്റഴിക്കാനാണ് ബാബാ ക്രാക്കറീസിനെ ഏർപ്പാട് ചെയ്തിട്ടുള്ളത്.

ശ്രീ. തോമസ് ജാൺ : സിറാമിക് കൺസേൺസിലെ സാധനങ്ങൾ വളരെ പഴയതാണെന്നു പറഞ്ഞു പൊട്ടിച്ചു കളയുന്നുണ്ട്.

ശ്രീ. കെ. പി. ഗോപാലൻ : അതു് അവാസ്തവമാണ്.

ശ്രീ. കെ. ഹസൻഗനി : പഴയ സ്റ്റാക്കിനു് കൂടുതൽ കമ്മിഷൻ കൊടുക്കണമെന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു് ടെൻഡർ വിളിച്ചാണ് വിൽക്കുന്നതു്. ഇപ്പോൾ അവിടെ പോട്ടറീസ് ഉൽപ്പാദിപ്പിക്കുന്നില്ല. വേറെ തരത്തിലുള്ള സാധനങ്ങളാണ് അവിടെ ഉണ്ടാക്കുന്നതു്.

ശ്രീ. ആർ. പ്രകാശം : എത്ര കാലമായി ഈ സ്റ്റാക്ക് അവിടെ ചെലവാകാതെ കെട്ടിക്കിടന്നിട്ടു് ?

ശ്രീ. കെ. പി. ഗോപാലൻ : അഞ്ചാറു കൊല്ലം മുമ്പുതന്നെ കെട്ടിക്കിടക്കുകയാണ്. ഈയിടെയായി അതു വിറ്റഴിക്കുവാനുള്ള ശ്രമം നടത്തുന്നുണ്ടു്. ഏകദേശം ഒന്നര ലക്ഷം രൂപയോളം വിറ്റഴിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ വ്യവസായങ്ങൾ ഇപ്പോൾ ലാഭത്തിലാണോ, നഷ്ടത്തിലാണോ നടത്തുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ: ലാഭത്തിലല്ല. സാധനങ്ങൾ വിറ്റഴിക്കുന്നതോടുകൂടി നഷ്ടം കുറഞ്ഞു വരുവാനുള്ള സാദ്ധ്യതയുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : പഴയ സാധനങ്ങൾ നഷ്ടത്തിൽ വിറ്റഴിക്കുന്നതിനേക്കാൾ കുറച്ചുകാലംകൂടി സൂക്ഷിച്ചു വച്ചതിനുശേഷം ലാഭത്തിൽ വിറ്റഴിക്കുവാനുള്ള സൗകര്യം ഉണ്ടാകുമോ എന്നു നോക്കുന്നതോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതു പഴയ സാധനങ്ങളായതുകൊണ്ടു് മാർക്കറ്റിൽ നല്ല വിലയ്ക്കു് വിറ്റഴിക്കുന്നതിനുള്ള സൗകര്യം കുറവാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ ഫാക്ടറിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്കു് മാർക്കറ്റുവിലയേക്കാൾ കൂടുതൽ വില നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണു് വിറ്റഴിക്കാൻ സാധിക്കാത്തതെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : മുമ്പുണ്ടാക്കിയിട്ടുള്ള സാധനങ്ങൾ നല്ല കപ്പാസിറ്റിയിൽ ഉള്ളവ ആയിരുന്നില്ല. അക്കാരണം കൊണ്ടു് അവ വിറ്റഴിക്കാൻ നിവൃത്തിയില്ലാതെ വന്നിട്ടുണ്ടു്. എന്നാൽ ഈ ഗവണ്മെൻറ് വന്നതിനുശേഷം നല്ല സാധനങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുകയും അവ വളരെ വേഗം മാർക്കറ്റിൽ ചെലവാകുകയും ചെയ്യുന്നുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : എൻറെ ചോദ്യം അതല്ല. മാർക്കറ്റുവിലയേക്കാൾ കൂടുതൽ വില ഈ സാധനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്നതുകൊണ്ടല്ലെ വിറ്റഴിക്കാൻ നിവൃത്തിയില്ലാതെ വന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : അതുകൊണ്ടല്ല. കപ്പാസിറ്റിയുടെ കുറവുകൊണ്ടാണ്.

ശ്രീ. തോമസ് ജാൺ : ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ആ ഫാക്ടറിയുടെ പ്രവർത്തനം നഷ്ടത്തിൽ കലാശിച്ചിരിക്കുകയല്ലെ ചെയ്തിരിക്കുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : അതു നഷ്ടം വളരെ കുറഞ്ഞു വന്നിട്ടുണ്ട്. പഴയ ഫാക്ടറിയിൽ ഇണം കുറഞ്ഞതും, ഉപയോഗപ്രദമല്ലാത്തതുമായ സാധനങ്ങളാണ് ഉണ്ടാക്കിയിരുന്നതു്. എന്നാൽ പുതിയ ഫാക്ടറിയിൽ നല്ലതരം പോട്ടറി സാമാനങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. അതു് വിറ്റഴിച്ചു വരുന്നുമുണ്ടു്. ക്രമേണ ഇതിന്റെ പ്രവർത്തനം നഷ്ടത്തിലല്ലാതെ വരുമെന്നാണു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : ഈ രാജ്യത്തെ കുടിമണ്ണു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ട ആവശ്യമുള്ളതുകൊണ്ടു് ഇത്തിക്കരയിൽ ഒരു കുടിമൺ ഫാക്ടറി തുടങ്ങുവാൻ ഗവണ്മെന്റു് ശ്രമിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെയൊരു ഫാക്ടറി നടത്തുവാൻ ഗവണ്മെന്റിനു പ്രത്യേകമായി ഒരു പദ്ധതിയുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോൾ പുതുതായി തുടങ്ങിയിരിക്കുന്ന ഫാക്ടറി നഷ്ടത്തിൽ വന്നതു് സാധങ്ങളുടെ വിലക്കുടുതലല്ലെങ്കിൽ, കച്ചവടം മോശമായതുകൊണ്ടാണെന്നാണോ പറയുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : കച്ചവടം മോശമല്ല. നല്ല കച്ചവടമുണ്ടു്. അവിടെ സാധനങ്ങൾ നിർമ്മിക്കുന്നുണ്ടു്. ആ സാധനങ്ങൾ വളരെ വേഗത്തിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടു് ക്രമേണ നഷ്ടം വരികയില്ലെന്നാണു് വിചാരിക്കുന്നതു്.

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു്.

* 1762. [8] ശ്രീ. ടി കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികളും എത്രത്തോളമായെന്നു വ്യക്തമാക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികളും എടുത്തു കൊണ്ടിരിക്കുകയാണു്. അതിനെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിച്ചു കഴിഞ്ഞാൽ ഉടൻ അഡൈ്വസറി ബോർഡു തീരുമാനം എടുക്കുന്നതാണു്.

സ്റ്റേറ്റു ട്രാൻസ്പോർട്ടു്.

* 1763. [10] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ടു സർവ്വീസിന്റെ പ്രവർത്തനസൗകര്യങ്ങൾക്കായി സംസ്ഥാനത്തെ എത്ര സർവ്വീസ്സു് ഡിസ്ട്രിക്ടുകളായി തിരിച്ചിട്ടുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്ടിലും ആവശ്യമായ വർക്ഷാപ്പുകളും സ്റ്റാഫും പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഓരോ ഡിസ്ട്രിക്ടിലും ഓടുന്ന സർവ്വീസു് ബസ്സുകളെത്ര ?

LIBRARY ARCHIVES Kerala Legislative Assembly